# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ബി.ടെക് പ്രോഗ്രാം- (2010 അഡ്മിഷൻ മുതൽ)- ഇന്റേണൽ അസസ്മെന്റ് പേപ്പറുകളുടെ റീ-ഡൂ -ഓഡ് സെമസ്റ്റർ പരീക്ഷകൾ ഈവൻ സെമസ്റ്റർ പരീക്ഷകളോടൊപ്പം നടത്തൽ-പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി ശുപാർശ- അംഗീകരിച്ചു-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## അക്കാദമിക് എ4 വിഭാഗം

യു.ഒ.നം. 4490/എ4/1/2018/അക്കാദമിക്

തീയതി, പിഡി ഹിൽസ്, 02/06/2018

---

വായിക്കുക: 1. സ.ഉ.നം. 657/AIV/1/Acad/2017 തീയതി 03/11/2017, ക്ലോസ് 21.

2. 25.05.2018-ന് കൂടിയ പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി യോഗനടപടിക്കുറിപ്പ് ഇനം നം. 181572

## ഉത്തരവ്

മുകളിൽ പരാമർശിച്ച ഒന്നാം പേപ്പർ പ്രകാരം 2010 അഡ്മിഷൻ മുതലുള്ള ബി.ടെക് പ്രോഗ്രാമിന്റെ ഇന്റേണൽ അസസ്മെന്റ് പേപ്പറുകൾക്ക് സോപാധികമായി റീ-ഡൂ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ക്ലോസ് 21 പ്രകാരം ഓഡ്/ഈവൻ സെമസ്റ്ററുകൾക്കുള്ള റീ-ഡൂ പരീക്ഷകൾ ടി സെമസ്റ്ററുകളുടെ യഥാക്രമമുള്ള ഓഡ്/ഈവൻ സെമസ്റ്റർ പരീക്ഷകളുടെ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിനനുസൃതമായിട്ടാണ് നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ വ്യവസ്ഥ മൂലം ഓഡ് സെമസ്റ്ററുകളുടെ റീ-ഡൂ ചെയ്യേണ്ടവർ ഈവൻ സെമസ്റ്ററുകളുടെ റീ-ഡൂ ചെയ്യുവാൻ ആയതിന്റെ വിജ്ഞാപനം വരുന്നതു വരെ കാത്തിരിക്കേണ്ടതായി വരുന്നുവെന്നും അതുമൂലം പരീക്ഷാഫലം പ്രഖ്യാപിക്കുന്നതിന് കാലതാമസം നേരിടേണ്ടി വരുമെന്നും ചില വിദ്യാർത്ഥികൾ പരാതിപ്പെടുകയുണ്ടായി. ആയതിനാൽ ടി പ്രോഗ്രാമിന്റെ ഇന്റേണൽ റീ-ഡൂ പരീക്ഷകൾ ഓഡ്/ഈവൻ സെമസ്റ്ററുകൾക്ക് ഒരുമിച്ചു നടത്തി തങ്ങൾക്കുണ്ടാകുന്ന സമയനഷ്ടം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടി വിദ്യാർത്ഥികൾ 03/02/2018-ന് വൈസ് ചാൻസലർ സമക്ഷം അപേക്ഷ സമർപ്പിച്ചു. ഇക്കാര്യം പരിശോധിച്ച വൈസ് ചാൻസലർ വിഷയം പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി മുഖാന്തിരം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കു വയ്ക്കുവാൻ ഉത്തരവിട്ടു. അതിൻപ്രകാരം കൂടിയ പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതി മുകളിൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരം ബി.ടെക് ഓഡ് സെമസ്റ്റർ (മൂന്ന്, അഞ്ച്, ഏഴ്) ഇന്റേണൽ റീ-ഡൂ പരീക്ഷകളും ബി.ടെക് ഈവൻ സെമസ്റ്റർ (ഒന്ന്, രണ്ട്, നാല്, ആറ്, ഏഴ്, എട്ട്) പരീക്ഷകളും ഒരുമിച്ച് നവംബർ 2018-ലും തുടർ പരീക്ഷകളിലും (മെയ്-2019) നടത്തുന്നതിന് ശുപാർശ ചെയ്തു.

വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് 1985-ലെ മഹാത്മാഗാന്ധി ആക്ട് അദ്ധ്യായം III വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് പരീക്ഷകൾക്കായുള്ള സിൻഡിക്കേറ്റ് ഉപസമിതിയുടെ ടി ശുപാർശ വൈസ് ചാൻസലർ അംഗീകരിച്ചു.

മുകളിൽ പരാമർശിച്ചിട്ടുള്ള സർവ്വകലാശാല ഉത്തരവ് മേൽ പ്രകാരം ഭാഗികമായി ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
രമേഷ് നാരായണൻ
അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ/പ്രോ വൈസ് ചാൻസലറുടെ പി. എസ് മാർ
2. രജിസ്ട്രാറുടെ/പരീക്ഷാകൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി എ മാർ
3. ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ്& ടെക്നോളജി
4. എല്ലാ എഞ്ചിനീയറിംഗ് കോളേജുകളുടെയും പ്രിൻസിപ്പൽമാർ
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/പരീക്ഷാവിഭാഗം)
6. ബി.ടെക് ടാബുലേഷൻ/ഇബി2/സിറ്റെക്സ് സെക്ഷനുകൾ
7. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ
8. എസിസി I/എസിഎൽ സെക്ഷനുകൾ
9. കണ്ടന്റ് മാനേജ്മെന്റ്/പി.ആർ.ഒ സെക്ഷനുകൾ/ഇൻഫർമേഷൻ സെന്ററുകൾ
10. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/കരുതൽ ഫയൽ

ഫയൽ നം.ഇ.ഐ1/എസി.എ4/ബി.ടെക്/റീ-ഡൂ/2018

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ